നമ്പർ. ICPS 2/ 24194/14

സാമൂഹ്യ നീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം.
തീയതി: 12.09.2014

# സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ്- സംയോജിത ശിശു സംരക്ഷണ പദ്ധതി- DCPU - പ്രവർത്തന ക്ഷമമാക്കുന്നത് സംബന്ധിച്ച്-

സൂചന:- (1) 02.02.2013 ലെ സ.ഉ.(സാധാ) നം.11/2013/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്.
(2) 09.11.2013 ലെ സ.ഉ.(സാധാ) നം. 68/2012/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്.
(3) 23.08.2014 ലെ സ.ഉ.(സാധാ) നം. 72/2014/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്.
(4) ഈ ഓഫീസിലെ 15/07/14 ലെ ഇതേ നമ്പർ കത്ത്.

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ (ICPS) ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ (DCPU) പ്രവർത്തനം ഉടൻ ആരംഭിക്കേണ്ടതുണ്ട്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരുടെ അധിക ചുമതല ഫുൾ ടൈം നിയമനം നടത്തുന്നതുവരെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 1 (JJ) ക്കും പ്രസ്തുത തസ്തിക നിലവിലില്ലാത്ത ജില്ലകളിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 1 നും നല്കി സർക്കാർ ഉത്തരവായിട്ടുണ്ട്. 25/10/14 ന് ചേർന്ന ഐ.സി.പി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഒക്ടോബർ മാസത്തിൽ തന്നെ ഡി.സി.പി.യു. പ്രവർത്തനമാരംഭിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡി.സി.പി.യു പ്രവർത്തനക്ഷമമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് നല്കുന്നു.

1. താഴെ പറയുന്ന തസ്തികകളിലേയ്ക്കാണ് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലേയ്ക്ക് കരാർ നിയമനം നടത്തേണ്ടത്:—

| നം. | തസ്തിക | എണ്ണം | യോഗ്യത | പ്രതിമാസ ഹോണറേറിയം |
|---|---|---|---|---|
| 1 | പ്രൊട്ടക്ഷൻ ഓഫീസർ (ഇൻസ്റ്റിറ്റ്യൂഷനൽ കെയർ) | 1 | MSW , ചൈൽഡ് കെയറിലുള്ള പ്രവൃത്തി പരിചയം | 21,000/- |
| 2 | പ്രൊട്ടക്ഷൻ ഓഫീസർ (നോൺ ഇൻസ്റ്റിറ്റ്യൂഷനൽ കെയർ) | 1 | MSW , ചൈൽഡ് കെയറിലുള്ള പ്രവൃത്തി പരിചയം | 21,000/- |
| 3 | ലീഗൽ കം പ്രൊബേഷൻ ഓഫീസർ | 1 | LLB | 21,000/- |
| 4 | കൗൺസിലർ | 1 | സോഷ്യോളജിയിലോ സൈക്കോളജിയിലോ ഉള്ള ബിരുദം. | 14,000/- |
| 5 | സോഷ്യൽ വർക്കർ | 2 | സോഷ്യോളജിയിലോ സൈക്കോളജിയിലോ ഉള്ള ബിരുദം. | 14,000/- |
| 6 | അക്കൗണ്ടന്റ് | 1 | ബി.കോം., അക്കൗണ്ടിംഗ് മേഖലയിലെ രണ്ടു വർഷത്തിലെ പ്രവർത്തി പരിചയം | 14,000/- |
| 7 | ഡാറ്റാ അനലിസ്റ്റ് | 1 | ബി.കോം., അക്കൗണ്ടിംഗ് മേഖലയിലെ രണ്ടു വർഷത്തിലെ പ്രവർത്തി പരിചയം | 14,000/- |
| 8 | അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | ഏതെങ്കിലും ബിരുദം + പി.ജി.ഡി.സി.എ | 10,000/- |

പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, എഴുത്തുപരീക്ഷ നടത്തി ഷോർട്ട് ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്.

2. സൂചനയിൽ രണ്ടാമതായി കാണിച്ച സർക്കാർ ഉത്തരവ് പ്രകാരം രൂപികരിച്ച ജില്ലാ കലക്ടർ ചെയർമാനായുള്ള സെലക്ഷൻ കമ്മിറ്റിയാണ് ഉദ്യോഗാർത്ഥികളുടെ യോഗ്യതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ജില്ലാ തലത്തിൽ ഇന്റർവ്യൂ നടത്തേണ്ടത്. സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

   1. ജില്ലാ കലക്ടർ - ചെയർമാൻ
   2. പ്രോഗ്രാം മാനേജർ (എസ്.സി.പി.എസ്)
   3. പ്രോഗ്രാം മാനേജർ (SARA)
   4. ചെയർമാൻ/മെമ്പർ (CWC)
   5. ചെയർമാൻ/മെമ്പർ (ജെ.ജെ.ബി)
   6. One expert in the area of Child protection/Child rights/social work (to be nominated by the chairperson)

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും.

3. ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ പേരു വിവരം ഇതൊന്നിച്ച് അടക്കം ചെയ്യുന്നു. ഇവർക്ക് ഇന്റർവ്യൂവിന് ഹാജരാകുന്നതിനുള്ള അറിയിപ്പ് ജില്ലാതലത്തിൽ നൽകേണ്ടതും 2014 ഒക്ടോബർ 10നുള്ളിൽ സെലക്ഷൻ നടപടികൾ പൂർത്തികരിക്കേണ്ടതുമാണ്. ഇന്റർവ്യൂവിന് നൽകേണ്ട പരമാവധി മാർക്ക് 20 ആയി നിജപ്പെടുത്തേണ്ടതാണ്. ഇന്റർവ്യൂവിന് ഉദ്യോഗാർത്ഥികൾക്ക് സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ നൽകിയ മാർക്ക് ക്രോഡീകരിച്ച് ലിസ്റ്റ് ആക്കി ഇന്റർവ്യൂവിൽ പങ്കെടുത്ത എല്ലാ അംഗങ്ങളുടെയും ഒപ്പ് രേഖപ്പെടുത്തി അന്നേ ദിവസം തന്നെ സീൽ ചെയ്ത കവറിൽ രജിസ്ട്രേഡ് പോസ്റ്റ് ആയി ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

4. സെലക്ഷൻ സംബന്ധിച്ച കാര്യങ്ങൾ ജില്ലാ കലക്ടർമാരെ നേരിട്ട് അറിയിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ ജില്ലാ കലക്ടർമാരുമായി ബന്ധപ്പെട്ട് ഇന്റർവ്യൂ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. സെലക്ഷൻ കമ്മിറ്റിയുടെ ഒരു യോഗം ഉടൻ വിളിച്ച് ചേർത്ത് ഇന്റർവ്യൂ സംബന്ധിച്ച കാര്യങ്ങൾ പ്രസ്തുത യോഗത്തിൽ തീരുമാനിക്കേണ്ടതാണ്.

5. ഇന്റർവ്യൂ നടത്തുന്നതുമായി ബന്ധപ്പെട്ട് പോസ്റ്റൽ ചാർജ്ജ് ഉൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

6. സിവിൽ സ്റ്റേഷൻ പരിസരത്ത് ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് പ്രവർത്തിക്കുന്നതിന് സ്ഥല സൗകര്യം ലഭ്യമല്ലാത്ത ജില്ലകളിൽ പ്രതിമാസം 15,000/-

രൂപയിൽ കവിയാത്ത തുകയ്ക്ക് കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. ഡി.സി.പി.യു. ഓഫീസിലേയ്ക്ക് ഫർണീച്ചർ വാങ്ങുന്നതിന് പരാമാവധി 3 ലക്ഷം രൂപ വരെ ചെലവഴിക്കാവുന്നതാണ്. ഈ തുക വിനിയോഗിച്ച് ഓഫീസിലേയ്ക്ക് ആവശ്യമായ എല്ലാ ഫർണീച്ചറും സ്റ്റോർ പർച്ചേയ്സ് റൂൾ പ്രകാരം വാങ്ങാവുന്നതാണ്. ഇപ്രകാരമുള്ള ടെണ്ടറുകൾ/ക്വട്ടേഷനുകൾ/ഇൻവോയ്സുകൾ അംഗീകാരത്തിനായി ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

8. ഡി.സി.പി.യു.വിലേയ്ക്ക് 5 കംപ്യൂട്ടർ (വെബ്കാം സഹിതം) യുപിഎസ്, രണ്ട് പ്രിന്റർ കം സ്കാനർ എന്നിവ വാങ്ങുന്നതിന് പരാമാവധി 2,25,000/-രൂപ വരെ ചെലവഴിക്കാവുന്നതാണ്. ഇവ സ്റ്റോർ പർച്ചേയ്സ് റൂൾ പ്രകാരമോ DGS&D നിരക്ക് പ്രകാരമോ വാങ്ങാവുന്നതാണ്. ഇപ്രകാരമുള്ള ടെണ്ടറുകൾ/ ക്വട്ടേഷനുകൾ/ ഇൻവോയ്സുകൾ അംഗീകാരത്തിനായി ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

9. ഇന്റർവ്യൂ സംബന്ധിച്ച ജോലികൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസിലെയും പ്രോഗ്രാം ഓഫീസിലെയും ജീവനക്കാരുടെ സഹായം തേടാവുന്നതാണ്.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർ(ഒപ്പ്)

എല്ലാ ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും.

പകർപ്പ്:-

1. ജോയിന്റ് ഡയറക്ടർ. (ICPS)
2. പ്രോഗ്രാം മാനേജർ (ICPS)
3. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
5. പ്രോഗ്രാം മാനേജർ (SARA)
6. കരുതൽ ഫയൽ